LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫയൽ നം. 81925/എഡ്യു.എ.3/13/ധന ശ്രീ. എ. റ്റി. സ്റ്റീഫൻ (റിട്ട. എച്ച്. എം.) ധനകാര്യ വകുപ്പിന് സമർപ്പിച്ച നിവേദനം, പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറി റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് നൽകിയ റിപ്പോർട്ട് U.O (f) No.86559/എഡ്യു. എ.1/14/ധന. 23552/A1/14/പൊതുവിദ്യാഭ്യാസ വകുപ്പ് ഫയലിൽ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുതഫയലിൽ സർക്കാർ തീരുമാനം ആയിട്ടില്ല.

ട്രഷറിയിലെ നീക്കിയിരിപ്പ്

132 (472) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ 2014 വരെയുള്ള ഓരോ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് എത്ര കോടി വീതമായിരുന്നു ;

(ബി) 2014 ഒക്ടോബർ 31-നും നവംബർ 30-നും ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് എത്രയായിരുന്നു ?

ഉത്തരം

(എ) 2010 മുതൽ 2014 വരെയുള്ള ഓരോ വർഷവും മാർച്ച് അവസാനം ട്രഷറിയിൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് ചുവടെ ചേർത്തിരിക്കുന്നു.

തീയതി	തുക (കോടിയിൽ)
31-3-2010	3226.37
31-3-2011	3513.72
31-3-2012	2711.17
31-3-2013	3200
31-3-2014	758.56

(ബി) റിസർവ്വ ബാങ്കിന്റെ കണക്കുകൾ പ്രകാരം 2014 ഒക്ടോബർ 31-ന് 1302.65 കോടിയും നവംബർ 26-ന് 1054.44 കോടി രൂപയുമാണ് ട്രഷറിയിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്നത്.

ധവള പത്രം

133 (473) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സ്ഥിതി വെളിപ്പെടുത്തിക്കൊണ്ട് ധവളപത്രം ഇറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ; ഇതിന് ഇടയാക്കിയ വസ്തുതകൾ എന്തൊക്കെയാണ് ;

(സി) 2014-15 ബജറ്റ് അവതരണവേളയിൽ ഇല്ലാത്ത എന്തെല്ലാം ഘടകങ്ങളാണിപ്പോൾ വന്നുചേർന്നിട്ടുള്ളത് ;

(ഡി) ബജറ്റ് വേളയിലല്ലാതെ ഓർഡിനൻസുകളിലൂടെ അധിക നികുതി ചുമത്തുന്നുണ്ടോ ;

(ഇ) ബജറ്റിലൂടെയുണ്ടായിരുന്നതിനുപുറമേ ഓർഡിനൻസുകളിലൂടെ നികുതികളും സേവന നിരക്കും വർദ്ധിപ്പിച്ചത് ജനങ്ങളെ വീണ്ടും പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്നറിയാമോ ;

(എഫ്) ബജറ്റിലൂടെയുള്ള അധിക വിഭവ സമാഹരണലക്ഷ്യം എത്രയായിരുന്നു ; ഓർഡിനൻസുകൾ പുറപ്പെടുവിച്ചും എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ടും ഏതെല്ലാം നികുതികൾ, സർവ്വീസ് ചാർജ്ജുകൾ തുടങ്ങിയ ഇനത്തിൽ എത്ര ശതമാനം അധികമായി സമാഹരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്, വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly